ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 04.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. സാമ്പത്തിക അച്ചടക്കം, സുതാര്യത എന്നിവയിലൂന്നിയുള്ള പരിഷ്ക്കാരങ്ങളാണ് കഴിഞ്ഞ 10 വർഷത്തിനിടെ രാജ്യത്ത് നടപ്പാക്കിയതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   India has shown constant commitment towards Reforms, Financial Discipline, Transparency and Inclusive Growth during the last 10 years, says PM Modi while addressing post budget webinars on MSME.

2. പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ആശാ പ്രവർത്തകരുടെ പ്രശ്നങ്ങൾ മുഖ്യമന്ത്രി നേരിട്ട് ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷം. ആശമാർക്ക് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണെന്ന് മന്ത്രി വീണാ ജോർജ്.

   Kerala Assembly adjourned for today after strong opposition protest. Opposition demanded CM's intervention in Asha Worker's issue. Asha workers in Kerala gets the highest honorarium in India, says Kerala Health Minister Veena George.

3. ആഴക്കടൽ ധാതുഖനനവുമായി ബന്ധപ്പെട്ട നിയമഭേദഗതി ഉപേക്ഷിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ പാസ്സാക്കി.

   Kerala assembly unanimously passed a resolution today demanding the centre to withdraw from offshore sea sand mining proposal.

4. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ യു.കെ.- അയർലൻഡ് സന്ദർശനത്തിന് ഇന്ന് തുടക്കം.

   External Affairs Minister, Dr. S. Jaishankar to embark on 6-day visit to UK and Ireland from today.

5. ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിന്റെ ആദ്യ സെമിയിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും.

   In Cricket, India to lock horns with Australia in the first semi-final of the ICC Champions Trophy in Dubai this afternoon.

6. കാനഡയിൽ നിന്നും മെക്സിക്കോയിൽ നിന്നുമുള്ള ഇറക്കുമതിക്ക് യു.എസ് ഏർപ്പെടുത്തിയ 25 ശതമാനം തീരുവ ഇന്ന് മുതൽ പ്രാബല്യത്തിൽ.

   President Donald Trump has announced that the long-threatened 25 percent tariffs on imports from Canada and Mexico will take effect today.

**$$$$$$$$$$$$$$$$$$$$$**

## HEADLINE-1

### PM Webinar

സാമ്പത്തിക അച്ചടക്കം, സുതാര്യത എന്നിവയിലൂന്നിയുള്ള പരിഷ്കാരങ്ങളാണ് കഴിഞ്ഞ 10 വർഷത്തിനിടെ രാജ്യത്ത് നടപ്പാക്കിയതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, ഉത്പാദനം, കയറ്റുമതി, ആണവോർജ്ജ ദൗത്യങ്ങൾ, നിക്ഷേപം, ബിസിനസ്സ് സുഗമമാക്കുന്നതിനുള്ള പരിഷ്കാരങ്ങൾ എന്നിവ സംബന്ധിച്ച ബജറ്റനന്തര വെബിനാറുകളിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി. ഇന്ത്യയെ ആഗോള സാമ്പത്തിക മേഖലയുടെ വളർച്ചാ യന്ത്രമാക്കി മാറ്റാൻ സാധിച്ചതായും അദ്ദേഹം പറഞ്ഞു.

ഗുണ നിലവാരമുള്ള ഉത്പന്നങ്ങൾ വിതരണം ചെയ്യുന്ന വിശ്വസിക്കാൻ കഴിയുന്ന പങ്കാളിയായാണ് ഇന്ത്യയെ ലോകം കാണുന്നത്. സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി വ്യവസായ രംഗത്തെ നടപടികൾ ലളിതമാക്കാൻ ശ്രമിക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. ബജറ്റ് പ്രഖ്യാപനങ്ങളുടെ ഫലപ്രദമായ നിർവ്വഹണം ഉറപ്പാക്കുന്നതിനായി സംഘടിപ്പിക്കുന്ന വെബിനാറുകളിൽ ഉദ്യോഗസ്ഥർ, വ്യാവസായിക പ്രതിനിധികൾ, വ്യാപാര വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്. .

**$$$$$$$$$$$$$$$$$$$$$**

### PM BELGIUM PRINCESS

ഒരാഴ്ചത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ ബെൽജിയം രാജകുമാരി ആസ്ട്രിഡുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. പ്രിൻസസ് ആസ്ട്രിഡിനെ അനുഗമിക്കുന്ന ബെൽജിയം പ്രതിരോധ മന്ത്രി തിയോ ഫ്രാങ്കനുമായി, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് ഇന്നലെ കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രതിരോധ മേഖലയിലെ നിക്ഷേപത്തിനായി ബെൽജിയൻ സ്ഥാപനങ്ങളെ ശ്രീ. രാജ്നാഥ് സിങ്ങ് സ്വാഗതം ചെയ്തു.

**$$$$$$$$$$$$$$$$$$$$**

## HEADLINE-2

**ADJOURNMENT INTRO**

*പ്രതിപക്ഷ നേതാവിന്റെ വാക്ക്ഔട്ട് പ്രസംഗം തടസ്സപ്പെടുത്തി എന്നാരോപിച്ചുള്ള പ്രതിപക്ഷ ബഹളത്തെത്തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ആശാ പ്രവർത്തരുടെ ആവശ്യങ്ങളിൽ സർക്കാർ നടപടി ആവശ്യപ്പെട്ട് പ്രതിപക്ഷത്തു നിന്നുംരാഹുൽ മാങ്കൂട്ടത്തിൽ ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. 23 ദിവസമായി സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരെ മുഖ്യമന്ത്രിയും ആരോഗ്യ മന്ത്രിയും ഗൗനിക്കുന്നില്ലെന്ന് പ്രതിപക്ഷം ആരോപിച്ചു.*

*എന്നാൽ ആശാ പ്രവർത്തകർക്ക് രാജ്യത്ത് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്നതും ഇൻസെന്റീവ് നൽകുന്നതും കേരള സർക്കാരാണെന്ന് മന്ത്രി വീണ ജോർജ് മറുപടിയായി പറഞ്ഞു. സംസ്ഥാനത്ത് 13,000 രൂപ ഒരു ആശയ്ക്ക് ലഭിക്കുന്നതിൽ 7,000 രൂപ സംസ്ഥാന സർക്കാരാണ് നൽകുന്നത്. പദ്ധതിയിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറിയിട്ടും സംസ്ഥാനത്തെ ആശാ പ്രവർത്തകരെ ചേർത്ത് പിടിക്കുന്ന നല്ല മാതൃകയാണ് കേരളം കാണിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.*

*(ഹോൾഡ്*

*മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു. 2007 മുതൽ 2011 വരെ ആശാ പ്രവർത്തകർക്ക് ഓണറേറിയം നൽകിയിട്ടില്ലെന്നും*

*യുഡിഎഫ് സർക്കാരാണ് ആശാ പ്രവർത്തകർക്ക് ഓണറേറിയം നൽകിയതെന്നും പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ വാക്കൗട്ട് പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.*

*(ഹോൾഡ്)*

*സഭ ഈ മാസം 10 ന് വീണ്ടും സമ്മേളിക്കും.*

**$$$$$$$$$$$$$$$$$$$$$$**

## HEADLINE-3

**ASSEMBLY RESOLUTION**

കേരളാ തീരത്തെ ആഴക്കടൽ ധാതുഖനനവുമായി ബന്ധപ്പെട്ട് നിയമഭേദഗതി ഉപേക്ഷിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ ഐക്യകണ്ഠേന പാസ്സാക്കി. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രമേയം സഭയിൽ അവതരിപ്പിച്ചത്. പ്രതിപക്ഷ ബഹളത്തിനിടെ പ്രമേയം സഭ അതിവേഗം പാസ്സാക്കുകയായിരുന്നു.

**$$$$$$$$$$$$$$$$$$$$$$**

## HEADLINE-4

**JAISHANKAR-UK**

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ യു.കെ.- അയർലൻഡ് സന്ദർശനത്തിന് ഇന്ന് തുടക്കം. യു.കെ. വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമിയുമായി അദ്ദേഹം ചർച്ച നടത്തും. പ്രതിരോധം, സുരക്ഷ, വ്യാപാരം, സമ്പദ്‌വ്യവസ്ഥ, ആരോഗ്യം, വിദ്യാഭ്യാസം ഉൾപ്പെടെ വിവിധ മേഖലകളിലെ സഹകരണം ചർച്ചയാകും. തുടർന്ന് അയർലൻഡിലെത്തുന്ന ശ്രീ ജയശങ്കർ, ഐറിഷ് വിദേശകാര്യ മന്ത്രി സൈമൺ ഹാരിസുമായി കൂടിക്കാഴ്ച നടത്തും. ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും.

**$$$$$$$$$$$$$$$$$$$$$$**

**MAHA-DEVENDRA FADNAVIS**

മഹാരാഷ്ട്ര ഭക്ഷ്യ, സിവിൽ സപ്ലൈസ്, മന്ത്രി ധനഞ്ജയ് മുണ്ടെ രാജിവച്ചു. മസാജോഗ് സർപഞ്ച് സന്തോഷ് ദേശ്മുഖിന്റെ കൊലപാതകത്തിൽ ധനഞ്ജയ് മുണ്ടെയുടെ അടുത്ത സഹായികളുടെ പങ്കാളിത്തം വ്യക്തമായതിനെ തുടർന്നാണ് രാജി .

$$$$$$$$$$$$$$$$$$$$$

**MAHA-HIGH COURT BUCH**

ലിസ്റ്റിംഗ് തട്ടിപ്പ് കേസിൽ സെബി മുൻ ചെയർപേഴ്സൺ മാധബി പുരി ബുച്ചിനും സെബി, ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് ഉദ്യോഗസ്ഥർക്കും എതിരായ നടപടി ബോംബെ ഹൈക്കോടതി സ്റ്റേ ചെയ്തു. ഇവർക്കെതിരെ എഫ്ഐആർ ഫയൽ ചെയ്യാൻ മഹാരാഷ്ട്ര അഴിമതി വിരുദ്ധ വിഭാഗത്തിന് നിർദേശം നൽകിയ പ്രത്യേക കോടതി ഉത്തരവിനാണ് സ്റ്റേ. മാനദണ്ഡങ്ങൾ പാലിക്കാതെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കമ്പനി ലിസ്റ്റിംഗ് ക്രമക്കേടു നടത്തിയെന്നാണ് ഇവർക്കെതിരായ ആരോപണം.

$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

$$$$$$$$$$$$$$$$$$$$$

**H.C.**

സംസ്ഥാനത്ത് റാഗിങ് കേസുകൾ പരിഗണിക്കാൻ പ്രത്യേക ബഞ്ച് രൂപീകരിക്കുമെന്ന് ഹൈക്കോടതി. റാഗിങ് കേസുകൾ സംസ്ഥാനത്ത് കൂടി വരുന്ന പശ്ചാത്തലത്തിലാണ് തീരുമാനം. ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് മനു എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ചിൻറേതാണ് ഉത്തരവ്.

$$$$$$$$$$$$$$$$$$$$$

**UN-ARINDAM BAGCHI ( INTRO)**

***ജമ്മു കശ്മീരിനെയും മണിപ്പൂരിനെയും കുറിച്ച് യുഎൻ മനുഷ്യാവകാശ സമിതി മേധാവി വോൾക്കർ ടർക്ക് നടത്തിയ പരാമർശം തള്ളി ഇന്ത്യ. പരാമർശങ്ങൾ അടിസ്ഥാനരഹിതമാണെന്നും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യയെന്നും യുഎന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി അരിന്ദം ബാഗ്ചി പറഞ്ഞു. ജമ്മു കശ്മീരിലെ ഉയർന്ന വോട്ടർ പങ്കാളിത്തം, കുതിച്ചുയരുന്ന വിനോദ സഞ്ചാര സാധ്യതകൾ, ദ്രുതഗതിയിലുള്ള വികസനം എന്നിവയും അദ്ദേഹം വിശദീകരിച്ചു.***

***( വോയിസ്...)***

$$$$$$$$$$$$$$$$$$$$$

## HEADLINE-5

**ICC CRICKET**

ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിന്റെ ആദ്യ സെമിയിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ദുബായ് ഇൻർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30 നാണ് മത്സരം. കരുത്തുറ്റ ബൗളിങ്ങ് നിരയാണ് ഇന്ത്യൻ ടീമിന് ആത്മ വിശ്വാസം പകരുന്നത്. നാളെ ലാഹോറിൽ നടക്കുന്ന രണ്ടാം സെമിയിൽ ന്യൂസിലാൻഡ് -ദക്ഷിണാഫ്രിക്കയെ നേരിടും. ഞായറാഴ്ചയാണ് ഫൈനൽ മത്സരം.

$$$$$$$$$$$$$$$$$$$$$

## HEADLINE-6

**TRUMP TARRIF ON IMPORTS**

കാനഡയിൽ നിന്നും മെക്സിക്കോയിൽ നിന്നുമുള്ള ഇറക്കുമതിക്ക് യു.എസ് ഏർപ്പെടുത്തിയ 25 ശതമാനം തീരുവ ഇന്ന് മുതൽ പ്രാബല്യത്തിൽ. ഇരുരാജ്യങ്ങളിൽ നിന്നും നിയമവിരുദ്ധ മയക്കുമരുന്നുകളും, അനധികൃത കുടിയേറ്റക്കാരും അമേരിക്കയിലേക്ക് പ്രവേശിക്കുന്നത് തടയാൻ ഇതുവഴി സാധിക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് വ്യക്തമാക്കി. അതേസമയം, കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ

ട്രൂഡോയും മെക്സിക്കൻ പ്രസിഡന്റ് ക്ലോഡിയ ഷെയിൻബോമും അമേരിക്കൻ ഉൽപ്പന്നങ്ങൾക്കും അധിക തീരുവ ചുമത്തുമെന്ന് അറിയിച്ചിട്ടുണ്ട്. വ്യാപാര രംഗത്തെ തർക്കങ്ങൾ രൂക്ഷമായതോടെ അമേരിക്കൻ ഉപഭോക്താക്കൾ വിലക്കയറ്റം നേരിടേണ്ടിവരുമെന്നാണ് വിദഗ്ധരുടെ മുന്നറിയിപ്പ് .

$$$$$$$$$$$$$$$$$$$$$

**USA-UKRAINE AID**

യുക്രെയ്നിനുള്ള സൈനിക സഹായം താൽക്കാലികമായി നിർത്തി വച്ച് അമേരിക്ക. സമാധാനത്തിനാണ് മുൻഗണന നൽകേണ്ടതെന്ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കിയതായി വൈറ്റ് ഹൗസ് വൃത്തങ്ങൾ പറഞ്ഞു. റഷ്യയുമായി വെടിനിർത്തൽ കരാറിലെത്താതെ യുക്രൈന് നിലനിൽപ്പുണ്ടാകില്ലെന്ന് ട്രംപ് നേരത്തെ അഭിപ്രായപ്പെട്ടിരുന്നു. റഷ്യ-യുക്രൈൻ സംഘർഷം ആരംഭിച്ച് മൂന്ന് വർഷത്തിനിടെ യുക്രെയ്ന് ഏറ്റവും അധികം സൈനിക സഹായം നൽകുന്ന രാജ്യമാണ് അമേരിക്ക.

$$$$$$$$$$$$$$$$$$$$$

**ISRAEL- AIRSTRIKE**

സിറിയൻ നഗരമായ ടാർട്ടസിൽ സൈനിക കേന്ദ്രത്തിന് നേരെ ഇസ്രായേൽ വ്യോമാക്രമണം. ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ഇസ്രായേൽ സൈനിക വക്താവ് ആക്രമണം സ്ഥിരീകരിച്ചു. തെക്കൻ സിറിയയിൽ നിന്ന് സൈന്യത്തെ പിൻവലിക്കണമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു നേരത്തെ ആവശ്യപ്പെട്ടിരുന്നു. സിറിയയുടെ പുതിയ സർക്കാർ ഇസ്രായേലുമായി ഒരു സംഘർഷവും ആഗ്രഹിക്കുന്നില്ലെന്ന് ഇടക്കാല പ്രസിഡന്റ് അഹമ്മദ് അൽ-ഷറായും വ്യക്തമാക്കിയിരുന്നു.

$$$$$$$$$$$$$$$$$$$$$

**SENSEX+GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 196 പോയിന്റ് താഴ്ന്ന് 72,881

- ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 61 പോയിന്റ് താഴ്ന്ന് 22,057 - ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണവിലയിൽ വർദ്ധന. ഗ്രാമിന് 70 രൂപ വർദ്ധിച്ച് 8,010 രൂപയും പവന് 560 രൂപ കൂടി 64,080 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$

$$$$$$$$$$$

$$$$$$$